# സാമൂഹ്യനീതി ഡയറക്റുടെ നടപടിക്രമങ്ങൾ

തിരുവനന്തപുരം,

ഉത്തരവ് നമ്പർ.E8-6115/14 തീയതി:23-02-2014

---

വിഷയം:- സാമൂഹ്യനീതി വകുപ്പ്- ജീവനക്കാര്യം - പി.ഡി.ടീച്ചർമാരെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, കേരള തൃശ്ശൂരിലെ 29-10-2013ലെ O.A (HQ) 111/3112-245/13-14 നമ്പർ കത്ത്.

അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനാവിഭാഗം കോഴിക്കോട് ചിൽഡ്രൻസ് ഹോം പരിശോധിച്ച് സമർപ്പിച്ച പരാമർശത്തിലെ റിപ്പോർട്ടിൽ കോഴിക്കോട് ചിൽഡ്രൻസ് ഹോമിൽ നിയമിച്ചിരിക്കുന്ന പി.ഡി.ടീച്ചർ ശ്രീ. കുമരേശൻ ആശാരി 18-10-2012 മുതൽ ടി സ്ഥാപനത്തിൽ ജോലി നിർവ്വഹിച്ചുവരുന്നെങ്കിലും കോഴിക്കോട് ചിൽഡ്രൻസ് ഹോം കോമ്പൗണ്ടിൽ അന്തേവാസികളെയും കുട്ടികളെയും പഠിപ്പിക്കുന്നതിനായി മറ്റൊരു സ്കൂൾ നിലവിലുള്ള സാഹചര്യത്തിൽ ചിൽഡ്രൻസ് ഹോമിൽ പി.ഡി. ടീച്ചർമാരുടെ സേവനം ആവശ്യമില്ലാത്ത സാഹചര്യത്തിൽ, ടിയാൻ ഒരു വർഷമായി യാതൊരു ജോലിയും ചെയ്യാതെ ശമ്പളം പറ്റുന്നതായി അക്കൗണ്ട് ജനറലിന്റെ പരിശോധനാ വിഭാഗം കണ്ടെത്തുകയുണ്ടായി.

ഈ സാഹചര്യത്തിൽ തിരുവനന്തപുരം, കോഴിക്കോട്, കൊല്ലം, എന്നീ ചിൽഡ്രൻസ് ഹോമുകളിലും പി.ഡി.ടീച്ചർമാർ പഠിതാക്കളില്ലാതെ വെറുതെയിരിക്കുന്ന സാഹചര്യത്തിൽ അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനുമായി ചുവടെ പറയുന്ന പി.ഡി.ടീച്ചർമാരെ അവരുടെ പേരിനുനേരെ ചേർത്തിരിക്കുന്ന കാര്യാലയങ്ങളിൽ ഭരണപരമായ സൗകര്യാർത്ഥം വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

| ക്രമ. നം | ജീവനക്കാരുടെ പേര്, ഇപ്പോൾ ജോലി നോക്കുന്ന കാര്യാലയം | വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിക്കുന്ന കാര്യാലയം | അഭിപ്രായം |
|---|---|---|---|
| 1 | ശ്രീ.കുമരേശൻ ആശാരി, പി.ഡി.ടീച്ചർ, ചിൽഡ്രൻസ് ഹോം, കോഴിക്കോട്. | വി.റ്റി.സി സൂപ്പർവൈസർ തിരുവനന്തപുരം. | ശ്രീമതി. അശ്വതിയുടെ വർക്കിംഗ് അറേഞ്ച്മെന്റ് റദ്ദ് ചെയ്യുന്നു. |
| 2 | ശ്രീ. രാജു, പി.ഡി.ടീച്ചർ, ചിൽഡ്രൻസ് ഹോം, കൊല്ലം. | ഒബ്സർവേഷൻ ഹോം, പത്തനംതിട്ട സൂപ്രണ്ട് ഗ്രേഡ് II | |
| 3 | ശ്രീമതി. ബിജി, പി.ഡി.ടീച്ചർ, | ചിൽഡ്രൻസ് ഹോം, | ആഫീസ് ജോലികളിൽ സൂപ്രണ്ടിന്റെ |

| | | | |
|---|---|---|---|
| | ചിൽഡ്രൻസ് ഹോം, | കൊല്ലം | നിർദ്ദേശപ്രകാരമുള്ള ജോലികൾ നിർവ്വഹിക്കേണ്ടതാണ്. |
| 4 | ശ്രീമതി. ഷൈനി, പി.ഡി.ടീച്ചർ, ചിൽഡ്രൻസ് ഹോം, തിരുവനന്തപുരം | അങ്കണവാടി വർക്കർ/ഹെൽപ്പർ വെൽഫയർ ഫണ്ട് | AWW/AWH വെൽഫയർ ഫണ്ടിലെ ഓഫീസ് ജോലികൾ സൂപ്രണ്ടിന്റെ നിർദ്ദേശപ്രകാരം നിർവ്വഹിക്കേണ്ടതാണ്. |

ബന്ധപ്പെട്ട ജീവനക്കാരെ കാര്യാലയമേധാവികൾ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്. ക്രമ.നം. 3ലേയും 4ലേയും ജീവനക്കാർ ചെയ്യേണ്ട ചുമതലകളും കർത്തവ്യങ്ങളും ബന്ധപ്പെട്ട കാര്യലയമേധാവി നിശ്ചയിച്ച് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

ഒപ്പ്
സാമൂഹ്യനീതി ഡയറക്ടർ

ബന്ധപ്പെട്ടവർക്ക്
പകർപ്പ്:-

1.സൂപ്രണ്ട്, ചിൽഡ്രൻസ് ഹോം, കോഴിക്കോട്/തിരുവനന്തപുരം/കൊല്ലം
2.ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, AWW/Helper Welfare Fund
3.സ്റ്റോക്ക്/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

JBS/14